നം ബി2/മിസ്സ്/2023

പ്രിൻസിപ്പാളിന്റെ കാര്യാലയം
സർക്കാർ എഞ്ചിനിയറിംഗ് കോളേജ്
ഇടുക്കി, പൈനാവ് പി.ഒ.
തിയതി : 15/02/2023

## നോട്ടീസ്

ഈ സ്ഥാപനത്തിലെ എസ്.ടി./ഒ.ഇ.സി./ഒ.ബി.എച്ച്. വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾ പ്രിൻസിപ്പാളിനു നൽകിയ അപേക്ഷ പരിഗണിച്ച് സപ്ലിമെന്ററി പരീക്ഷാഫീസ് അടയ്ക്കുന്നതു സംബന്ധിച്ച് താഴെപ്പറയുന്ന മാർഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

എസ്.ടി./ഒ.ഇ.സി./ഒ.ബി.എച്ച്. വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾ സപ്ലിമെന്ററി പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്യുമ്പോൾ ഒരു തവണത്തേയ്ക്ക് പരീക്ഷാഫീസ് അടയ്ക്കുന്നതിൽനിന്ന് പൂർണമായും ഒഴിവാക്കിയിരിക്കുന്നു. എന്നാൽ ടി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ പരീക്ഷാഫീസ് പട്ടികജാതി/വർഗ്ഗ കാര്യാലയത്തിൽനിന്ന് ക്ലെയിം ചെയ്യുന്നതിലേക്കായി ഓരോ സെമസ്റ്ററിലും സപ്ലിമെന്ററി പരീക്ഷയ്ക്ക് സർവകലാശാല പോർട്ടലിൽ പ്രഖ്യാപിച്ചിട്ടുള്ള സമയപരിധിക്കുള്ളിൽ അപേക്ഷിച്ചതിനുശേഷം തങ്ങളുടെ പേര്, അഡ്മിഷൻ നമ്പർ, കെ.ടി.യു. ഐഡി, അപേക്ഷിച്ച പരീക്ഷകളുടെ എണ്ണം, ഫീസ് തുക എന്നിവ സഹിതം ഓഫീസിൽ അപേക്ഷ സമർപ്പിക്കേണ്ടതാണ്. അത്തരത്തിൽ അപേക്ഷ സമർപ്പിക്കാത്ത വിദ്യാർത്ഥികളിൽ നിന്ന് ടി കാലയളവിലേക്കുള്ള ഫീസ് നേരിട്ട് ഈടാക്കുന്നതായിരിക്കും.

ടി സൗജന്യം എസ്സ്.സി. വിഭാഗത്തിലുള്ള വിദ്യാർത്ഥികൾക്കും ലഭ്യമാണെങ്കിലും ഇ- ഗ്രാന്റ് തുക വിദ്യാർത്ഥികളുടെ അക്കൗണ്ടിലേക്ക് നേരിട്ട് അടയ്ക്കുന്നതിനാൽ ടി വിദ്യാർത്ഥികളും പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്തതിനുശേഷം മേൽപ്പറഞ്ഞ രീതിയിൽ ഓഫീസിൽ അപേക്ഷ സമർപ്പിക്കുകയും പരീക്ഷാഫീസ് ഡിജിപേ പോർട്ടൽ വഴി അടയ്ക്കുകയും ചെയ്യേണ്ടതാണ്.

ഇ- ഗ്രാന്റിന് അർഹരായ ഇതര വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾ സർവകലാശാലയുടെ അറിയിപ്പിൽപ്പറയുന്ന സമയപരിധിക്കുള്ളിൽത്തന്നെ പരീക്ഷയ്ക്കുള്ള അപേക്ഷ സമർപ്പിക്കേണ്ടതും പരീക്ഷാഫീസ് ഡിജിപേ പോർട്ടൽ വഴി അടയ്ക്കേണ്ടതുമാണ്.

➡ ***മേൽ ഖണ്ഡിക 2 ൽ ഉൾപ്പെട്ട ഇതിനോടകം ഫീസ് അടച്ചിട്ടുള്ള വിദ്യാർത്ഥികൾ അപേക്ഷ സമർപ്പിക്കുന്ന മുറയ്ക്ക് അടച്ച ഫീസ് തിരികെ അനുവദിക്കുന്നതാണ്.***

പകർപ്പ്

1) നോട്ടീസ് ബോർഡ് 2) എച്ച്.ഒ.ഡി/സ്റ്റാഫ് അഡ്വൈസർ 3) ഒ.സി

PRINCIPAL
GOVERNMENT ENGINEERING COLLEGE
PAINAVU, IDUKKI

പ്രിൻസിപ്പാൾ

GOVERNMENT ENGINEERING COLLEGE * PAINAVU, IDUKKI *